കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

60 (5195) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീ. പി. വിശ്വൻ:
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ വിഭാഗങ്ങളിലായി എത്ര പുസ്തകങ്ങൾ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട് ;

(ബി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ കീഴിൽ പഠനഗവേഷണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) ലോക ക്ലാസിക്കുകളുടെ പരിഭാഷകളുടെ ഗുണനിലവാരം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(ഡി) സമഗ്ര ഭാഷാ ചരിത്രം തയ്യാറാക്കുന്നതിനുള്ള പ്രവർത്തനം ഏതു ഘട്ടത്തിലാണ് ; ഇതിനായി പ്രത്യേക സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഇ) ഈ മാസം സംഘടിപ്പിച്ച എക്സിബിഷൻ വിജയകരമായിരുന്നോ എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 2525 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട് ; ഓരോ വർഷവും 4 വിദ്യാർത്ഥികൾക്ക് 6000 രൂപ നൽകി ഭാഷാ ഗവേഷണം ആരംഭിച്ചിട്ടുണ്ട്.

(സി) സ്വീകരിക്കുന്നതാണ്.

(ഡി) ഡോ. പുതുശ്ശേരി രാമചന്ദ്രൻ എഡിറ്ററായി ഒന്നാം വാല്യം തയ്യാറായിവരുന്നു ; പ്രത്യേക സമിതിയെ ചുമതലപ്പെടുത്തിയിട്ടില്ല.

(ഇ) വിജയകരമായിരുന്നു. 7,82,627 രൂപ മുഖവിലയ്ക്കുള്ള പുസ്തകങ്ങൾ വില്പന നടത്തി.

കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ നിയമനങ്ങൾ

61 (5196) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 16-5-2007-ലെ 55/2007/സി.എ.ഡി.നമ്പർ സർക്കാർ ഉത്തരവിനും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 21-11-2000-ലെ ഒ.പി.നമ്പർ 31187/2000 ഉത്തരവിനും വിരുദ്ധമായി കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ നാളിതുവരെ

LIBRARY ARCHIVES Kerala Legislative Assembly

നടത്തിയ ദിവസവേതനം/താൽക്കാലിക/കരാർ നിയമനങ്ങൾ നേടിയവരെ പിരിച്ചുവിട്ട് എംപ്ലോയ്മെന്റ് വഴി നിയമനം നടത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ ;

(ബി) താൽക്കാലികാടിസ്ഥാനത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ നിയമിച്ച വർക്ക് ശമ്പള സ്കെയിൽ നൽകാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ടോ ;

(സി) ഇൻസ്റ്റിറ്റ്യൂട്ടിൽ ലക്ഷങ്ങളുടെ പണാപഹരണം നടത്തി സസ്പെന്റ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ ക്രിമിനൽ കുറ്റത്തിന് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡ്രാഫ്റ്റ് റൂൾസ് പുതുക്കുന്നതിനുമുമ്പ് ഡയറക്ടർ ജീവനക്കാരുമായോ സംഘടനാപ്രതിനിധികളുമായോ ചർച്ച ചെയ്തിട്ടുണ്ടോ ; ചർച്ച ചെയ്തിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഇ) ഇൻസ്റ്റിറ്റ്യൂട്ടിൽ സർക്കാർ അംഗീകാരമുള്ള അസിസ്റ്റന്റ് ഡയറക്ടർ തസ്തിക എത്രയാണ് ; പ്രസ്തുത തസ്തികയിൽ ജോലി ചെയ്യുന്നവരുടെ പേരു വിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഒഴിവുള്ള തസ്തികകളിൽ എംപ്ലോയ്മെന്റ് വഴി നിയമനം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഇല്ല ; പ്രസ്തുത വിഷയത്തിൽ വിജിലൻസ് അന്വേഷണം നടക്കുന്നതിനാൽ ക്രിമിനൽ കേസ് ഫയൽ ചെയ്തിട്ടില്ല.

(ഡി) ഉണ്ട്.

(ഇ) മൂന്ന് അന്യത്ര സേവന വ്യവസ്ഥയിൽ ഡോ. മുഹമ്മദ് മാഹീൻ മാത്രം ഒരു തസ്തികയിൽ ജോലി ചെയ്യുന്നു.

സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

62 (5197) ശ്രീ. കെ. ബാബു :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഈ വർഷം എന്തൊക്കെ പുതിയ പദ്ധതികൾ നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(ബി) കഴിഞ്ഞ വർഷം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് എത്ര പുസ്തകങ്ങൾ പുതുതായി പ്രസിദ്ധീകരിക്കാൻ കഴിഞ്ഞു ;

LIBRARY ARCHIVES Kerala Legislative Assembly